"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.സിഡിഎൻ2/98/2025-പൊഭവ

പൊതുഭരണ (ഏകോപനം) വകുപ്പ്
തിരുവനന്തപുരം, തീയതി: 11-12-2025

## സർക്കുലർ

വിഷയം:- പൊതുഭരണ വകുപ്പ് - രക്തസാക്ഷിദിനം - ഇൻഡ്യയുടെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് ജീവൻ വെടിഞ്ഞവരുടെ സ്മരണാർത്ഥം 30-01-2026-ന് 2 മിനിട്ട് മൗനം ആചരിക്കുന്നത് സംബന്ധിച്ച്

ഇൻഡ്യയുടെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് ജീവൻ ബലികഴിച്ചവരുടെ സ്മരണാർത്ഥം എല്ലാ വർഷവും മഹാത്മാഗാന്ധിയുടെ രക്തസാക്ഷിദിനമായ ജനുവരി 30-ന് രാജ്യമൊട്ടാകെ രാവിലെ 11.00 മണി മുതൽ 2 മിനിട്ട് മൗനം ആചരിച്ചുവരുന്നു. ഈ സമയം ഓരോരുത്തരും അവരവരുടെ സഞ്ചാരത്തിനും പ്രവർത്തനത്തിനും വിരാമമിട്ട് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് വീരമൃത്യു വരിച്ചവരെ അനുസ്മരിക്കുന്നു. ആയതിനാൽ എല്ലാ വകുപ്പുമേധാവികളും, ജില്ലാ കളക്ടർമാരും, പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളിലെ മേധാവികളും അവരവരുടെ ഓഫീസുകളിലും കീഴിലുള്ള ഓഫീസുകളിലും, മഹാത്മാഗാന്ധിയുടെ 78-ാമത് രക്തസാക്ഷിത്വ വാർഷികമായ 2026 ജനുവരി 30-ന് രാവിലെ 11.00 മണിക്ക് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് വീരമൃത്യു വരിച്ചവരെ അനുസ്മരിച്ച് 2 മിനിട്ട് മൗനം ആചരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു.

കെ ബിജു ഐ എ എസ്
സെക്രട്ടറി

എല്ലാ വകുപ്പു മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
ഗവർണറുടെ സെക്രട്ടറി, ലോക് ഭവൻ, കേരള, തിരുവനന്തപുരം
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും മേലധികാരികൾക്ക്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ടെക്നോപാർക്ക്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫോപാർക്ക്, കൊച്ചി
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sabu T K
Date: 12-12-2025 12:16:41
സെക്ഷൻ ഓഫീസർ